# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *60 07.01.2014 ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിഡ്:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. എം.എ. വാഹീദ്: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ മോട്ടോർ വാഹനവകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രോമാ കെയർ & റോഡ് സേഫ്റ്റി യൂട്ടിലിറ്റി സർവ്വീസ് ഇൻ തിരുവനന്തപുരം (TRUST) എന്ന പേരിൽ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം TVM/TC/1415/2013 എന്ന നമ്പരായി 26.11.2013 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. TRUST ന്റെ സേവനം മറ്റു ജില്ലകളിലും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത്; | (ബി) | റോഡപകടങ്ങളിൽ പരിക്ക് പറ്റിയവർക്ക് പ്രഥമശുശ്രൂഷ കൊടുക്കുകയും അവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ സംഘടനയുടെ പ്രാഥമിക ലക്ഷ്യം. വാളണ്ടിയർമാർക്ക് പരിശീലനം നൽകുക, ആവശ്യമായ ഫണ്ട് കണ്ടെത്തുക, റോഡ് സംസ്കാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെടുക്കുക, അപകടത്തിനിരയാവരുടെ പുനരധിവാസം, അവരുടെ ക്ഷേമം, വിദ്യാഭ്യാസം മുതലായവയ്ക്ക് സഹായം ചെയ്യുക രക്ത |

| | | | |
|---|---|---|---|
| | | | ബാങ്ക്, മെഡിക്കൽ എയിഡ് സെന്റർ, ഹോസ്പിറ്റൽ മുതലാവ ആരംഭിക്കുക, ഇതേ രംഗത്ത് പ്രവർത്തിക്കുന്നവരുമായി സഹകരിച്ച് പ്രവർത്തികുക തുടങ്ങിയവയാണ് ഈ സംഘടനയുടെ ലക്ഷ്യങ്ങൾ. |
| (സി) | അപകടങ്ങളിൽപ്പെടുന്നവർക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | അപകടത്തിൽ പെടുന്നവരെ എത്രയും പെട്ടെന്നു ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ വൈദ്യസഹായം നല്കുക എന്നതാണ് നിലവിൽ ചെയ്തുവരുന്നത്. |
| (ഡി) | ആരെയെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ? | | സമൂഹത്തിലെ റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ തല്പരരായ ആർക്കും ഈ പദ്ധതിയിൽ പങ്കാളികളാകാം. നിലവിൽ റിട്ടയേർഡ് ഡി.ജി.പി ശ്രീ. ജേക്കബ് പുന്നൂസ് എക്സിക്യൂട്ടീവ് ഡയറക്ടർ ആയും, ട്രാൻസ്പോർട്ട് കമ്മീഷണർ, ഡിസ്ട്രിക്ട് കളക്ടർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ്, നാറ്റ്പാക് ഡയറക്ടർ തുടങ്ങിയവർ മിഷൻ ഡയറക്ടർമാരും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) പ്രസിഡണ്ടായും ഉള്ള 32 പേർ അടങ്ങുന്ന ഒരു സംഘടനയാണിത്.<br>എല്ലാ ഞായറാഴ്ചയും 50 ൽ പരം വാളണ്ടിയർമാർക്ക് റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ, നേതൃത്വ പാടവം, എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ക്ലാസുകൾ നല്കിവരുന്നു. 100 രൂപ ആണ് പരിശീലനത്തിനുള്ള ഫീസ്. നിലവിൽ ഇതേവരെ ആകെ 264 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ